നവയം സാധ്വി സാമ്രാജ്യം സ്വാരാജ്യം ഭൌജ്യമച്യുത
വൈരാജ്യം പാരമേഷ്ഠ്യം ച ആനന്ത്യം വാ ഹരേ: പദം **(10–83–41)**
കാമയാമഹ ഏതസ്യ ശ്രീമത് പാദരജ: ശ്രിയ:
കുചകുങ്കുമ ഗന്ധാഢ്യം മൂർധ്നാ വോഢും ഗദാഭൃത: **(10–83–42)**
വ്രജസ്ത്രീയോ യദ്വാഞ്ചരന്തി പുളിന്ദ്യസ്തൃണവീരുധ:
ഗാവശ്ചാരയതോ ഗോപാ: പാദസ്പർശം മഹാത്മന: **(10–83–43)**

*ശുകമുനി തുടർന്നു:*
കൃഷ്ണനെ തങ്ങളുടെ ഗുരുവും ലക്ഷ്യവുമാക്കി കരുതിയിരുന്ന ഗോപികമാർ അദ്ദേഹത്തെ വന്ദിച്ചു. ഭഗവാൻ പരമപുരുഷൻ തന്നെയാണെന്നവർക്കറിയാമായിരുന്നു. യാദവസ്ത്രീകളും ഗോപികമാരും പരസ്പരം ഭഗവൽമഹിമകളെപ്പറ്റി പാടി പുകഴ്ത്തി. പാണ്ഡവപത്നിയായ ദ്രൗപദി കൃഷ്ണൻെറ സഹധർമ്മിണിമാരോട് ഭഗവാൻ എങ്ങിനെയാണ് അവരുടെയെല്ലാം നാഥനായി വാഴുന്നതെന്നാരാഞ്ഞു.

രുഗ്മിണി, സത്യഭാമ, ജാംബവതി, കാളിന്ദി, മിത്രവിന്ദാ, സത്യ, ഭദ്ര എന്നിവർ തങ്ങൾ ഭഗവാനെ വരിക്കാനിട യായതെങ്ങിനെയെന്ന് പറഞ്ഞു. ഭദ്രയുടെ അമ്മാവൻെറ പുത്രനാണ് കൃഷ്ണൻ. തൻെറ പുത്രിക്ക് കൃഷ്ണനോടുള്ള അനുരാഗമറിഞ്ഞ് സസന്തോഷം അവളെ കൃഷ്ണന് നൽകിയതാണല്ലോ.

*ലക്ഷ്മണ പറഞ്ഞു.*
ഞാനും ഭഗവാൻെറ മഹിമകളെപ്പറ്റി നാരദമുനിയിൽ നിന്നുമാണറിഞ്ഞത്. അങ്ങിനെ, മറ്റാരെയും വരിക്കില്ലെന്ന് ഞാൻ നിശ്ചയിച്ചു. ദ്രൗപദീ, നിങ്ങളുടെ അഛൻ സ്വയംവരസമയത്ത് ചുറ്റിത്തിരിയുന്ന മത്സ്യത്തെ എയ്തുവീഴ്ത്താനുള്ള മൽസരമേർപ്പെടുത്തിയതു പോലെ എൻെറ അഛനും ഒരു മൽസരം വച്ചിരുന്നു. ചുറ്റിത്തിരിയുന്ന മത്സ്യത്തെ കണിക്കാതെ, അതിൻെറ പ്രതിബിംബം മാത്രം ജലത്തിൽ കാണാവുന്ന രീതിയിലായിരുന്നു സംവിധാനം. പലേ മഹാൻമാരും എൻെറ കൈ പിടിക്കാനാഗ്രഹിച്ചു. ചിലർക്ക് വില്ലെടുക്കാനായില്ല. ചിലർക്ക് വില്ലു കുലയ്ക്കാനായില്ല. മറ്റുചിലർ വില്ലു കുലച്ചെങ്കിലും മത്സ്യമെവിടെയെന്ന് കണ്ടുപിടിക്കാനായില്ല. അർജ്ജുനൻ വില്ലു കുലച്ച് തൊടുത്തുവെങ്കിലും മത്സ്യത്തെ വീഴ്ത്താൻ കഴിഞ്ഞില്ല. എന്നാൽ കൃഷ്ണൻവന്ന് വെറുമൊരു ലീലയായി വില്ലുകുലച്ച് അതിനെ വീഴ്ത്തി. ഞാൻ അതീവസന്തോഷത്തിലായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. കൃഷ്ണൻ എന്നെ രഥത്തിലിരുത്തി. മറ്റു പ്രഭുക്കൻമാർ എതിരിടാൻ ഒരുമ്പെടുന്നസമയത്ത് കൃഷ്ണൻ രഥമോടിച്ച് ദ്വാരകയിലേക്ക് പോന്നു. തടയാൻ ശ്രമിച്ചവർ ഒന്നുകിൽ മരിച്ചു വീണു, അല്ലെങ്കിൽ പിന്തിരിഞ്ഞോടി. ഞങ്ങളുടെ വിവാഹദിവസം അഛൻ വിലപിടിച്ച അനേകം സമ്മാനങ്ങൾ ഭഗവാനു നൽകി. ഭഗവാന് ഒന്നിനും കുറവുണ്ടായിട്ടല്ല. അദ്ദേഹം പരിപൂർണ്ണനും അനന്തനുമാണല്ലോ. ഞങ്ങളെല്ലാം കൃഷ്ണനെ ഭർത്താവായി ലഭിക്കുകവഴി പരമാനുഗ്രഹീതരത്രെ.

*രോഹിണി, പതിനായിരം ഭാര്യമാരെ പ്രതിനിധീകരിച്ച് ഇങ്ങിനെ പറഞ്ഞു.*
ഭഗവാൻ നരകാസുകരനെ വധിച്ചതും ഞങ്ങളെ രക്ഷിച്ച് വിവാഹം ചെയ്തതും നിങ്ങൾക്കറിയാമല്ലൊ. ഞങ്ങൾ അനുഗ്രഹീതർ. സ്വർഗ്ഗത്തിൻേറയൊ ഭൂമിയുടേയൊ ആധിപത്യമോ മുക്തിപദം തന്നേയൊ ഞങ്ങൾക്കു വേണ്ട. ഞങ്ങൾക്കുള്ള ഏക ആഗ്രഹം ഇത്രമാത്രം. ഞങ്ങൾ എന്നും ശിരസ്സിൽ ആ പാദകമലധൂളിയണിയാനിടവരട്ടെ. ഞങ്ങൾ ഭഗവാൻെറ പാദസ്പർശനത്തിനായി മാത്രം ആർത്തി പിടിച്ചവരത്രെ. ഗോപീഗോപൻമാരും പശുക്കളും വൃന്ദാവനത്തിലെ പുൽക്കൊടിയും അതിനായാണല്ലോ ആഗ്രഹിച്ചത്.